**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5692** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. പി. ടി. തോമസ് , ശ്രീ സി ആർ മഹേഷ്, ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ഓരോ ഗുണഭോക്താവിനും പത്ത് ലക്ഷം രൂപ സഹായമാണോ നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമിവിലയും ഭവന നിർമ്മാണത്തിനുള്ള ധനസഹായവും ഉൾപ്പെടെ പരമാവധി 10 ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത്. |
| (ബി) | ഉപ്പുകലർന്ന കടൽക്കാറ്റിലും മറ്റു പ്രതികൂല സാഹചര്യത്തിലും മത്സ്യത്തൊഴിലാളി മേഖലയിലെ വീടുകൾക്ക് സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കാൻ അറ്റകുറ്റ പണിയ്ക്കുള്ള ഫണ്ട് ലഭ്യമാക്കാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ? | (ബി) | 2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണം നടപ്പിലാക്കുന്നില്ല. അർഹരായ എല്ലാവർക്കും സമ്പൂർണ പാർപ്പിടം ലക്ഷ്യമിട്ട് ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാവർക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി ആണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. നിലവിൽ ഭവന പുനരുദ്ധാരണ പദ്ധതികൾ പരിഗണനയിലില്ല. 2016-17 ൽ ഭവന അറ്റകുറ്റപ്പണിക്ക് 4,000 പേർക്ക് ധനസഹായം അനുവദിച്ചതിൽ 3,766 പേർ പുനരുദ്ധാരണ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ